
Adieu To A Legendary Leader
JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
Jubilet
Jubilee Mission Medical College & Research Institute - Since 1951 Vol. 8 Issue 2 Feb. 2022

*Front view jubilee Mission Hospital Trichur*



പ്രിയ ജൂബിലി കുടുംബാംഗങ്ങളെ,

ഫെബ്രുവരി 16-ാം തിയതി ഫ്രാൻസിസ് പള്ളിക്കുന്നത്ത് അച്ചൻ ജൂബിലിയോട് വിട പറയുകയായിരുന്നു. ഡയറക്ടറായും അസ്സോസിയേറ്റ് ഡയറക്ടറായും അസിസ്റ്റന്റ് ഡയറക്ടറായും 17 വർഷകാലം ജൂബിലിയുടെ അടിസ്ഥാന ഭാഗമായി അച്ചൻ നമ്മോടൊപ്പമുണ്ടായിരുന്നു. ഒരു 'പള്ളിക്കുന്നത്തച്ചൻ യുഗം' അവസാനിക്കുകയാണ് എന്ന് പറയാം. 2005ലാണ് അച്ചൻ ജൂബിലിയിലേക്ക് കടന്നുവന്നത്. മെഡിക്കൽ കോളേജിന്റെ ബാല്യകാലം, ഒരു നഴ്സറി സ്കൂളിന്റെ ഘടനയനുസരിച്ചു കോളേജ് നടത്തുന്ന പോലെയായിരുന്നു എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ഒന്നുമില്ലായ്മയിൽ നിന്ന് ഇന്ന് കാണുന്ന പോലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വളർന്നു വന്നിട്ടുണ്ടെങ്കിൽ അത് മുൻപുള്ള ഡയറക്ടർമാരുടെ ഒപ്പം അച്ചന്റെയും നിതാന്തമായ പരിശ്രമത്തിന്റെ ഫലമാണ്.

അത് പോലെ തന്നെയാണ് ആശുപത്രിയുടെ വളർച്ചയിലെ അച്ചന്റെ പങ്ക്. ഊണിലും ഉറക്കത്തിലും ജൂബിലിയെ മാത്രം ചിന്തിച്ചും, സ്നേഹിച്ചും ജൂബിലി കുടുംബത്തിന്റെ നന്മക്കായി പ്രവർത്തിച്ച അച്ചനെ നമുക്ക് നന്ദിയോടെ ഓർക്കാം. അച്ചന്റെ തൃശൂർ വ്യാകുലമാത ബസിലിക്ക ഫൊറോനാ വികാരി എന്ന നിലയിലെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. അച്ചന്റെ നല്ല കാഴ്ച്ചപ്പാടുകൾ, ജൂബിലിയോടുള്ള

സ്നേഹം, ആത്മാർത്ഥത, നിസ്വാർത്ഥത എന്നീ ഗുണങ്ങൾ നമുക്കും പിന്തുടരാം. അങ്ങനെ ഒരു ‘പള്ളിക്കുന്നത്തച്ചൻ യുഗം’ അവസാനിക്കാതെ നമ്മൾ ഓരോരുത്തരിലൂടെയും തുടരട്ടെ.







മുരിങ്ങാത്തേരി അച്ചനും കാക്കശ്ശേരി അച്ചനും ആലപ്പാട്ട് അച്ചനും വടക്കൻ അച്ചനും പള്ളിക്കുന്നത്ത് അച്ചനും ഇരുന്ന ഡയറക്ടറുടെ കസേരയിലേക്ക് അഭിവന്ദ്യ പിതാവ് എന്നെ നിയമിച്ചിരിക്കുകയാണ്. ജൂബിലി എന്ന മഹാകുടുംബത്തിന്റെ സാരഥി ആവുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല എന്ന് എനിക്കറിയാം. നമുക്ക് ഒന്നിച്ചു പ്രവർത്തിക്കാം, ഉത്സാഹിക്കാം. ജൂബിലിയെ നമ്മുടെ കുടുംബമായി കണ്ടു ആ കുടുംബത്തിന് വേണ്ടി നമുക്ക് നിലകൊള്ളാം. ദൈവത്തിന്റെ അനുഗ്രഹത്തിനായി നമുക്ക് യാചിക്കാം.

മാനേജ്മെന്റ് ടീമിലേക്കു പുതിയതായി വന്നിരിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഫാ. തോമസ് പൂപ്പാടിയെ നമുക്ക് സ്വാഗതം ചെയ്യാം. പോൾ പേരമംഗലത്തു അച്ചൻ ജൂബിലിയുടെ തന്നെ ഭാഗമായ ഏങ്ങണ്ടിയൂർ MI ഹോസ്പിറ്റലിന്റെ പൂർണ ചുമതല ഏറ്റെടുത്തിരിക്കുകയാണ്. അതോടൊപ്പം തന്നെ ജൂബിലിയുടെ നിർമാണ പ്രവർത്തനങ്ങളുടെയും ചുമതല തുടരുന്നു. ജൂബിലി മിഷനിലെ ആത്മീയമായ കാര്യങ്ങളിൽ നിന്ന് ഫാ. പോൾ കള്ളിക്കാടൻ അച്ചനും ഫാ. ജിബി വാഴപ്പിള്ളി അച്ചനും യാത്ര പറഞ്ഞു പോവുകയാണ്. അവരുടെ ഭാവി ജീവിതത്തിനു നമുക്ക് അനുഗ്രഹാശ്ശിസുകൾ നേരാം. വളരെ കുറച്ചു കാലമേ ഉണ്ടായിട്ടുള്ളൂ എങ്കിലും അജിത് തച്ചോത് അച്ചൻ അദ്ദേഹത്തിന്റെ ശാന്തവും സുന്ദരവുമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ മനം കവർന്നിരുന്നു. ചേറൂർ ഇടവകയുടെ പൂർണ്ണമായി ഉത്തരവാദിത്വങ്ങൾ നൽകിക്കൊണ്ട് പിതാവ് അദ്ദേഹത്തെ ജൂബിലിയുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. അച്ചന്

നമുക്ക് നന്ദി പറയാം. ആത്മീയ പാസ്റ്ററൽ കാര്യങ്ങൾക്കായി ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ, ഫാ. പോൾ ആലപ്പാട്ട് എന്നിങ്ങനെ 3 പുതിയ അച്ചന്മാരെയാണ് നമുക്കു ലഭിച്ചിരിക്കുന്നത്. ജൂബിലിയുടെ ആത്മീയവും, അജപാലന പരവുമായ എല്ലാ പരിശ്രമങ്ങൾക്കും അവർ നേതൃത്വം കൊടുക്കട്ടെ. ജൂബിലി കുടുംബം അരൂപിയിൽ വളരട്ടെ.



ഫെബ്രുവരി മാസം ലൂർദ് മാതാവിന്റെ മാസമാണ്. ഫെബ്രുവരി 11 നാണു ലൂർദ്ദ് മാതാ ദിനം, അന്ന് തന്നെയാണ് ലോക രോഗീദിന മായി ആചരിക്കുന്നത്. മറ്റുള്ളവരുടെ വേദനകളിൽ അലിയുന്ന ഹൃദയത്തോട് കൂടിയ പരിശുദ്ധ അമ്മയെ ഓർത്തു കൊണ്ടാണ് അന്ന് നാം രോഗീദിനമായി ആചരിക്കുന്നത്. രോഗി ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന നമുക്കോരോരുത്തർക്കും പരിശുദ്ധ അമ്മയെ മാതൃകയാക്കാം. നമ്മിലൂടെ ദൈവത്തിന്റെ കരുണ, ആശ്വാസം, സ്നേഹം ഇവയൊക്കെ നമ്മൾ കണ്ടുമുട്ടുന്ന രോഗികളിലേക്കു ചൊരിയപ്പെടട്ടെ. ഫെബ്രുവരി മാസത്തിന്റെ അവസാനത്തിൽ ഉയിർപ്പു തിരുന്നാളിന് ഒരുക്കമായി 7 ആഴ്ച നീണ്ടു നിൽക്കുന്ന വലിയ നോമ്പ് ആരംഭിക്കുകയാണ്. നോമ്പ് കാലത്തിൽ ഏറ്റവും അടിസ്ഥാനപരമായി പറയുന്ന 3 കാര്യങ്ങൾ പ്രാർത്ഥനയും ഉപ വാസവും ഉപവി പ്രവർത്തനങ്ങളുമാണ്. ഉപവാസത്തിന്റെ അർത്ഥം അടുത്ത് വസിക്കുക എന്നാണ്. കൂടുതൽ ദൈവത്തിന്റെ അടുത്ത് വസിക്കുക. പള്ളിയിൽ പോകുമ്പോഴും പ്രാർത്ഥിക്കുമ്പോഴും മാത്രമല്ല ജോലി ചെയ്യുമ്പോഴും ദൈവത്തിന്റെ അടുത്ത് വസിക്കാൻ സാധിക്കട്ടെ. എല്ലാവർക്കും ദൈവത്തിന്റെ അനുഗ്രഹങ്ങൾ നേർന്നു കൊള്ളുന്നു.

സസ്നേഹം
**റെന്നിയച്ചൻ**



# കർമ്മനിരതനായ കർമ്മയോഗി

## ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്

മഹാമാരിയും പ്രകൃതിദുരന്തങ്ങളും താണ്ഡവമാടിയ ഏറെ വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ ഉൾപ്പെടെ കഴിഞ്ഞ 17 വർഷക്കാലത്തോളം ജൂബിലിയെന്ന മഹായാനത്തെ നിസ്വാർത്ഥമായി സുരക്ഷിത തീരങ്ങളിലേക്ക് നയിച്ച സമർത്ഥനായ നാവികൻ ബഹു. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അച്ചന് യാത്രാമംഗളങ്ങളും അനുഗ്രഹാശ്ശിസുകളും.

തൃശ്ശൂർ ജില്ലയിലെ കാരമുക്ക് ഗ്രാമത്തിൽ പള്ളിക്കുന്നത്ത് ആന്റണി, മറിയാമ്മ ദമ്പതികളുടെ മൂത്തമകനായി ജനിക്കുകയും പ്രാഥമിക വിദ്യഭ്യാസം, കാലിക്കറ്റ് സർവ്വകലാശാല എന്നിവിടങ്ങളിലെ വിദ്യഭ്യാസത്തിനുശേഷം വൈദിക പഠനത്തിനായി പൂനെയിലെ പേപ്പൽ സെമിനാരിയിലേക്കു അയക്കപ്പെടുകയും വിജയകരമായ പഠനത്തിനുശേഷം 2001ൽ തൃശ്ശൂർ അതിരൂപതയിലെ വൈദികനായി പൗരോഹിത്യം സ്വീകരിക്കുകയും തുടർന്ന് ഒല്ലൂർ, ലൂർദ്ദ്, കൊട്ടേക്കാട്, മൂക്കാട്ടുകര ഇടവകകളിൽ അസി. വികാരിയായി സേവനം അനുഷ്ഠിച്ചതിനുശേഷം ആതുരശുശ്രൂഷ സ്ഥാപനങ്ങളുടെ സാരഥ്യം ഏറ്റെടുക്കുവാനുള്ള ഒരുക്കങ്ങളുടെ ഭാഗമായി ബാംഗ്ലൂരിലെ സെന്റ് ജോസഫ്സ് മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ബിരുദാനന്തര ബിരുദം ഒന്നാം റാങ്കോടെ കരസ്ഥമാക്കുകയും തുടർന്ന് തൃശ്ശൂർ അതിരൂപതയുടെ കീഴിലുള്ള 'പാവങ്ങളുടെആശുപത്രി'

എന്നറിയപ്പെടുന്ന ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അനുബന്ധസ്ഥാപനങ്ങളുടേയും സാരഥ്യം ഏറ്റെടുക്കുവാൻ നിയോഗിക്കപ്പെടുകയും അസി. ഡയറക്ടർ, അസോസിയേറ്റ് ഡയറക്ടർ, ഡയറക്ടർ എന്നീ സ്ഥാനങ്ങളിലായി 17 വർഷത്തോളം ജൂബിലിയെ നയിക്കുകയും ചെയ്തു.








'അധികാരം സേവനത്തിന്' എന്ന ക്രിസ്തുവചനം ആപ്തവാക്യമായി സ്വീകരിച്ച് തന്റെ ജീവിതത്തിലൂടെ പ്രാവർത്തികമാക്കിയ കർമ്മനിരതനായിരുന്നു ബഹു. ഫ്രാൻസിസ്സ് പള്ളിക്കുന്നത്ത് എന്ന പള്ളിക്കുന്നത്തച്ചൻ. അധികാരത്തിന്റെയും അറിവിന്റെയും കൂടെപിറപ്പായ അഹന്തയെ പാടെ മാറ്റിനിർത്തി നീണ്ട 17 വർഷക്കാലത്തോളം പണവും പദവിയും നോക്കാതെ ജൂബിലി കുടുംബത്തിലെ എല്ലാ തലത്തിലുള്ള ജീവനക്കാർക്കും പ്രാപ്യനും സുഹൃത്തും മാർഗ്ഗദർശിയും സമീപസ്ഥനുമായിരുന്ന അച്ചൻ.

വിശുദ്ധനായ ഒരു പുരോഹിതനായും ആത്മീയ ഭിഷഗ്വരനായും പ്രവർത്തിക്കുകയും അഹോരാത്രം കഠിനാദ്ധ്വാനത്തിലൂടെ മൂവ്വായിരത്തിലധികം വരുന്ന ജൂബിലി കുടുംബാംഗങ്ങളുടെ ഹൃദയം കവരുവാൻ തന്റെ ലാളിത്യത്തിലൂടെ അച്ചന് കഴിഞ്ഞു. അതിസങ്കീർണ്ണമായ വിഷമഘട്ടത്തിൽ അച്ചന്റെ നേതൃപാടവം ഒരു പാടുതവണ ജൂബിലി അംഗങ്ങളും, അവരുടെ കുടുംബാംഗങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. പ്രത്യേകിച്ച് പ്രകൃതി ദുരന്തങ്ങളുടേയും മഹാമാരിയുടേയും ഏറെ വിഷമതകളിലൂടെ കഴിഞ്ഞുപോയ കാലങ്ങളിൽ.

ഉത്തരവാദിത്വങ്ങളിൽ അർപ്പണ മനോഭാവത്തിന്റെയും നിസ്വാർത്ഥമായ സേവനത്തിന്റെയും അധികാരങ്ങളിൽ ലാളിത്യത്തിന്റെയും വ്യക്തിരൂപവുമായി അക്ഷരാർത്ഥത്തിൽ കർമ്മനിരതനായ കർമ്മയോഗിയായിരുന്നു ബഹു. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അച്ചൻ. ●

# ജൂബിലിയിൽ എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ നവജാതശിശുക്കൾക്കായുള്ള വെന്റിലേറ്റർ




എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ സി.എസ്.ആർ. പ്രോഗ്രാമിന്റെ ഭാഗമായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിക്ക് നവജാത ശിശുക്കൾക്കായുള്ള അറുപത്തിരണ്ട് ലക്ഷം രൂപ വിലവരുന്ന വെന്റിലേറ്ററുകളും അനുബന്ധ ഉപകരണങ്ങളും നൽകി. നവജാതശിശുക്കൾക്കായുള്ള ഐ.സി.യു.വിലാണ് സ്ഥാപിക്കുക. എച്ച്.ഡി.എഫ്.സി. ബാങ്ക് സെൻട്രൽ കേരള സോണൽ ഹെഡ് മി. ഹെമി സെബാസ്റ്റ്യൻ തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്തിന് തുക കൈമാറി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻമാർ ടോണി നീലങ്കാവിൽ, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസോ. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ഫാ.അജിത് തച്ചോത്ത്, ഫാ. വർഗ്ഗീസ് കൂത്തൂർ, പ്രോജക്റ്റ് മാനേജർ ഇ. വി. വിനു, എച്ച്.ഡി.എഫ്.സി ബാങ്ക് ക്ലസ്റ്റർ ഹെഡ് ശ്രീ ലിജോ ശങ്കർ, ബ്രാഞ്ച് മാനേജർ ശ്രീ. സജു ആന്റണി, റിലേഷൻഷിപ്പ് മാനേജർ ശ്രീ ആനന്ദ് അറക്കൽ എന്നിവർ സന്നിഹിതരായിരുന്നു.●



# ജൂബിലി
## വിഷചികിത്സയിൽ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രം

പാമ്പ് വിഷചികിത്സാ രംഗത്ത് ജൂബലി മിഷൻ മെഡിക്കൽ കോളേജിന് തിളക്കമാർന്ന നേട്ടം. പാമ്പ് കടിയേറ്റ് രക്തം ക്ലോട്ട് ചെയ്യുന്നത് അറിയുന്നതിനുള്ള നൂതനരീതികൾ പഠിക്കുന്നതിന് ഒരു വർഷത്തേക്ക് മുപ്പത്തഞ്ച് ലക്ഷം രൂപയുടെ ഐ.സി.എം.ആർ. ധനസഹായം അനുവദിച്ചു. പാമ്പ് വിഷ ചികിത്സയിൽ തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മധ്യ കേരളത്തിലെ പ്രമുഖവും രാജ്യത്താകമാനം ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതുമാണ്. ഇപ്പോൾ ജൂബിലിയിലെ യുവ ഡോക്ടർമാരുടെ ചികിത്സ നിർണയ നിർദ്ദേശങ്ങൾക്ക് ഐ.സി.എം.ആർ. താൽപര്യപൂർവ്വം പിന്തുണയുമായി രംഗത്തെത്തിയിരിക്കുന്നു.

ഒരു വർഷത്തിൽ ആയിരത്തോളം പാമ്പുകടിയേറ്റ വ്യക്തികൾ ഇവിടെ ചികിത്സ തേടി വരുന്നുണ്ട്. വിഷം തീണ്ടിയ വ്യക്തികൾക്ക് 20,000 രൂപയോളം വരുന്ന ആന്റിവെനം കാലങ്ങളായി ജൂബിലിയിൽ സൗജന്യമായി കൊടുക്കുന്നുണ്ട്. ഇവയ്ക്ക് പുറമെ ഈ പഠനത്തോട് അനുബന്ധിച്ച് ഒരു രോഗിക്ക് ഇരുപത്തിആറായിരം രൂപയോളം വരുന്ന പരിശോധനയും അനുബന്ധ ചെലവുകളും സൗജന്യമായി ലഭിക്കുന്നു. പാമ്പു കടിച്ചിട്ടുണ്ടോ എന്ന് കൃത്യമായി കണ്ടുപിടിക്കാൻ സഹായിക്കും വിധം ഒരു ടെസ്റ്റ് ഇതുവരെ നിലവിലില്ല. വിഷബാധയേറ്റാൽ രക്തത്തിൽ വരുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് തുടർ ചികിത്സ നിർണയിക്കുന്നത്. സാധാരണയായി ഒരു ഗ്ലാസ് ട്യൂബിൽ എടുത്തുവെയ്ക്കുന്ന രക്തം 20 മിനിറ്റുകൾക്കുള്ളിൽ ക്ലോട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് ചെയ്യുക.

നിരവധി നൂതനസാങ്കേതിക മുന്നേറ്റങ്ങൾ ഈ മേഖലയിൽ ഉണ്ടായിട്ടും പാമ്പുവിഷബാധ ചികിത്സാ നിർണയത്തിനുതകും വിധം ഒന്നും പര്യാപ്തമല്ല. പാമ്പിൻവിഷം മൂലം രക്തം ക്ലോട്ട് ചെയ്യാത്ത അവസ്ഥ, ക്ലോട്ടിന്റെ ബലം, ദൈർഘ്യം, രക്തത്തിലെ മറ്റു ഘടകങ്ങളുടെ താരതമ്യം, രക്തം കട്ട പിടിക്കാൻ സഹായിക്കുന്ന ഘടകങ്ങളുടെ ലഭ്യത തുടങ്ങിയവയിൽ വരുന്ന മാറ്റങ്ങൾ എന്നിവ പഠനവിധേയമാക്കിയാൽ രോഗിക്ക് വിഷത്തിനുള്ള മറുമരുന്ന് (ആന്റിവെവെനം), രക്തം നൽകൽ തുടങ്ങിയവ അവസരോചിതവും കാര്യക്ഷമവുമായി തീരുമാനമെടുക്കാൻ സഹായിക്കും. മരുന്ന്, രക്തം എന്നിവയുടെ അനാവശ്യമായ ഉപയോഗം ഇതുവഴി കുറക്കുകയും ചെയ്യാം.

ഈ വിധത്തിൽ പാമ്പ് വിഷചികിത്സയെ പരിഷ്കരിക്കാനുള്ള ശ്രമത്തിന് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രാഥമിക പഠനത്തിന് ഐ.സി.എം.ആർ. ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ ഗവേഷണ കേന്ദ്രത്തിന് 35 ലക്ഷം രൂപയാണ് കൈമാറിയത്. എമർജൻസി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സിജു വി. എബ്രഹാം, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസിയേറ്റ്



പ്രൊഫസർ ഡോ. അബൂബക്കർ മുഹമ്മദ് റാഫി എന്നിവരുടെ നേതൃത്വത്തിലുള്ള യുവ ഡോക്ടർമാരാണ് ഈ പഠനത്തിന് നേതൃത്വം നൽകുന്നത്. എമർജൻസി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അപ്പു സുശീൽ, ഡോ.കശ്യപ് സി. കെ., ഡോ. ഡിയോ മാത്യു എന്നിവരാണ് മറ്റു ഡോക്ടർമാർ എന്ന് റിസർച്ച് കോ-ഓർഡിനേറ്റർ ഡോ. പി. ആർ വർഗ്ഗീസ് അറിയിച്ചു.

കേന്ദ്രഗവൺമെന്റ് ശാസ്ത്രസാങ്കേതിക മന്ത്രാലയത്തിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് സയന്റിഫിക്ക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് അംഗീകരിച്ച ഗവേഷണകേന്ദ്രമാണ് ജൂബിലിയുടേത്. കേരള ആരോഗ്യസർവ്വകലാശാല പി.എച്ച്.ഡി. ഗവേഷണകേന്ദ്രമായും



# ജൂബിലിയിൽ
## പുതിയ ഡിജിറ്റൽ എക്സ്റേ ഡിറ്റെക്റ്റർ പാനൽ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ പുതിയ ഡിജിറ്റൽ എക്സ്റേ ഡിറ്റെക്റ്റർ പാനൽ ബഹുമാനപ്പെട്ട ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ആശീർവദിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ, ഡിപ്പാർട്ട്മെന്റ് എച്ച്. ഒ. ഡി. ഡോ. എം. ആർ. ബാലചന്ദ്രൻനായർ, ഇൻ ചാർജ്ജ് സിസ്റ്റർ ഹന്ന ലിസ്ബത്ത്, റേഡിയോളജി സ്റ്റാഫംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു. ഐ. സി. യു. കളിലും വാർഡുകളിലും പോർട്ടബിൾ രീതിയിൽ എടുക്കുന്ന എക്സ്റേ ഇമേജുകൾ യഥാസമയം തന്നെ കാണുന്നതിനും, രോഗനിർണയം വേഗത്തിൽ സാധ്യമാകുന്നതിനും സഹായിക്കുന്ന അത്യാധുനിക രീതിയിലുള്ള സംവിധാനമാണ് ഡിജിറ്റൽ എക്സ്റേ ഡിറ്റെക്റ്റർ പാനൽ. ●

---

അംഗികരിച്ചിട്ടുണ്ട്. സർക്കാർ, എൻ.ജി.ഒ. തുടങ്ങിയ വിവിധ ഏജൻസികളുടെ സാമ്പത്തികസഹായത്തോടെ പത്തിലധികം ഗവേഷണ പദ്ധതികൾ ജൂബിലിയിൽ നടക്കുന്നുണ്ട്.

ഈ പഠനത്തിൽ 2020-ൽ ഐ.സി.എം.ആറിന് അപേക്ഷ നൽകിയിരുന്നതാണ്. ഐ.സി.എം.ആർ തത്വത്തിൽ അംഗീകരിക്കുകയും പലതവണ വിശദീകരണങ്ങൾ ചോദിച്ചറിയുകയും പഠനപദ്ധതിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. നൂതനമായ ഈ പഠനം രാജ്യത്ത് ആദ്യമായതിനാൽ പ്രാഥമിക പഠനം ഒരു വർഷം നടത്തി അതിന്റെ ഫലപ്രാപ്തി അനുസരിച്ച് തുടർപഠനം നടത്താം എന്ന് ഐ.സി.എം.ആർ. നിർദ്ദേശിച്ചിരിക്കുന്നത്. ഈ പഠന പദ്ധതിയിലേക്ക് മാർച്ച് ഒന്ന് മുതൽ പാമ്പുകടിയേറ്റുവരുന്ന രോഗികളെ ഉൾപ്പെടുത്തുമെന്ന് ഡോ. സിജു വി.എബ്രഹാം അറിയിച്ചു. ●





# കരം നീട്ടാം സൗഖ്യപ്പെടുത്താനായി

രോഗം മൂലം ശാരീരികമായും മാനസികമായും വേദനിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കാനും അവർക്കായി എന്തെങ്കിലും നന്മകൾ ചെയ്ത് അവരുടെ ദു:ഖങ്ങളിൽ ഒരു വലിയ ആശ്വാസം പകരുവാനുമായി മാറ്റിവെയ്ക്കപ്പെട്ട ദിനം. 1992 ഫെബ്രുവരി 11ന് പോപ്പ് ജോൺ പോൾ രണ്ടാമൻ ആദ്യമായി ആഗോള രോഗിദിനം പ്രഖ്യാപിച്ചപ്പോൾ ദൈവഹിതമെന്ന പോലെ ആ ദിനം പരിശുദ്ധ ലൂർദ് മാതാവിന്റെ തിരുന്നാൾ ദിവസമായി. ആധുനിക കാലഘട്ടത്തിലെ ആത്മീയ നേതാവ് പരി. ഫ്രാൻസിസ് പാപ്പ ഈ വർഷത്തെ രോഗിദിന പ്രമേയമായി തിരഞ്ഞെടുത്തത് വി. ലൂക്ക 6/36 വചനമാണ്. നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ.

ലോകം മുഴുവൻ കോവിഡ് മഹാമാരിയാൽ രോഗാതുരമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്നായിരിക്കുക. രോഗക്ലേശങ്ങളും വേർപാടിന്റെ വേദനകളും ഒറ്റപ്പെടലിന്റെയും ഏകാന്തതയുടേയും കയ്പേറിയ അനുഭവങ്ങളുമേറ്റ് ശാരീരികമായി മാത്രമല്ല മാനസികമായും തളർന്നിരിക്കുന്ന ഈ സമയം 'രോഗിദിനം' കൊളുത്തിവെയ്ക്കുന്ന നന്മയുടെ തിരിവെട്ടം വലിയ പ്രകാശത്തിന്റെ അനുഭവമാണ് പകരുന്നത്. കരുണ കാണിക്കാനും കരുണ സ്വീകരിക്കാനും ആഹ്വാനം ചെയ്യുന്ന ദിനം. ആതുര ശുശ്രൂഷകരുടെ ഹൃദയത്തിലെ വറ്റാത്ത കരുണയുടെ പ്രവാഹം അനേകം രോഗികളെ സുഖമാക്കട്ടെ എന്ന് ആഗ്രഹിക്കാം ആശംസിക്കാം. നീട്ടിയ കരങ്ങൾക്കും ഉയർത്തിയ പ്രാർത്ഥനകൾക്കും ദൈവാനുഗ്രഹങ്ങൾ ധാരാളമായി ലഭിക്കട്ടെ...

കരുതലാർന്ന സ്നേഹത്തോടെ രോഗിദിനത്തിൽ
CNGAT Jubilee unit



# പ്രത്യാശയുടെ കിരണമായി ജൂബിലി

വിവാഹം കഴിഞ്ഞു 6 മാസം മുതൽ ഒരു കുഞ്ഞിനായി ഞങ്ങൾ ചികിത്സ തുടങ്ങിയതാണ്. കേരളത്തിലെ മികച്ച ഒരു ഗൈനക്കോളജിസ്റ്റിനെയാണ് ഞങ്ങൾ ആദ്യം സമീപിച്ചത്. പ്രാഥമിക പരിശോധനകളിലും ഡയഗണോസ്റ്റിക് ലാപ്രോസ്കോപ്പിയിലും എല്ലാം നോർമൽ ആയിരുന്നു. പിന്നെയും ഗർഭം ധരിക്കാത്തതിനെത്തുടർന്നു ഒരു വർഷത്തിന് ശേഷം ഞങ്ങൾ രണ്ട് IUI കൾ ചെയ്തെങ്കിലും ഫലം ഒന്നും തന്നെ ഉണ്ടായില്ല.

Together,
We are the
Patient Experience !

പിന്നീട് ഞങ്ങൾ കേരളത്തിലെ തന്നെ മികച്ച ഫെർട്ടിലിറ്റി ക്ലിനിക്കിൽ പോവുകയും രണ്ടു IVF കൾ ചെയ്യുകയും ചെയ്തു. ആദ്യത്തെ IVF നു ശേഷം ഞാൻ പ്രെഗ്നന്റ് ആവുകയും കുഞ്ഞിന്റെ ഹാർട്ട് ബീറ്റ് അറിയുന്നതിന് തൊട്ടു മുൻപായി ഗർഭച്ഛിദ്രം സംഭവിക്കുകയും ചെയ്തു. ഒരിക്കൽ കൂടി ഞങ്ങൾ IVF ചെയ്തെങ്കിലും നിരാശയായിരുന്നു ഫലം. പിന്നീട് എനിക്ക് സിസ്ററ് ഉണ്ടെന്നു മനസിലാക്കിയപ്പോൾ ആദ്യമേ കാണിച്ച ഡോക്ടറെ തന്നെ വീണ്ടും കണ്ടതിനെത്തുടർന്ന് ഒരിക്കൽ കൂടെ IVF ചെയ്യുകയും ചെയ്തു. പക്ഷെ നെഗറ്റിവ് റിസൾട്ട് ആയിരുന്നു ലഭിച്ചത്. പിന്നീട് ഇൻഫെർട്ടിലിറ്റി ട്രീറ്റ്മെന്റ് ക്ലിനിക്കിൽ

# പൾസ് പോളിയോ
## ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം 2022

ദേശീയ ഇമ്മ്യൂണൈസേഷൻ ഡ്രൈവിന്റെ ഭാഗമായി നടത്തറയിലെ പബ്ലിക് ഹെൽത്ത് സെന്ററിൽ പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ ദിനം ആചരിച്ചു. പബ്ലിക് ഹെൽത്ത് നഴ്സ് ത്രേസിയാമ്മ കുര്യന്റെ നേതൃത്വത്തിൽ 172 കുഞ്ഞുങ്ങൾക്കാണ് വാക്സിൻ നൽകിയത്. കൃത്യവും ആസൂത്രിതവുമായ പൾസ് പോളിയോ പരിപാടിയിലൂടെ 2011ന് ശേഷം ഇന്ത്യയിൽ പോളിയോ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് 2 തുള്ളി പോളിയോ വാക്സിൻ ആണ് നൽകുന്നത്. ●



പോവുകയും ചികിൽസിക്കുകയും ചെയ്തെങ്കിലും പരാജയമായിരുന്നു ഫലം തുടർന്ന് ഞങ്ങൾ ട്രീറ്റ്മെന്റ് താത്കാലികമായി നിറുത്തുകയും യോഗയും ആയുർവേദ ചികിത്സയും ഉഴിച്ചിലും ചെയ്തു പോന്നു. കുറച്ചു നാളുകൾക്കു ശേഷം ഞങ്ങൾ കേരളത്തിലെ തന്നെ മറ്റൊരു ഹോസ്പിറ്റലിൽ വീണ്ടും പരിശോധനകൾ നടത്തുകയും ലാപ്രോസ്കോപ്പി ചെയ്തതിനെത്തുടർന്ന് എനിക്ക് ഗർഭപാത്രത്തിൽ ഒരു ഫൈബ്രോയ്ഡ് ഉണ്ടെന്നു കണ്ടെത്തുകയും അത് നീക്കം ചെയ്യുകയും ചെയ്തു. പിന്നീട് ഞാൻ ഗർഭിണിയാവുകയും അത് ട്യൂബുലാർ പ്രെഗ്നൻസി ആണെന്ന് കണ്ടെത്തുകയും ചെയ്തു. അടുത്ത് തന്നെ സൗകര്യമെല്ലാമുള്ള നല്ലൊരു ഹോസ്പിറ്റലിൽ കാണിക്കാൻ അവർ ആവശ്യപ്പെട്ടതിനെ തുടർന്ന് ഞങ്ങൾ തൃശൂർ ജൂബിലി മിഷനിലെ ഡോ. അശ്വത് കുമാറിനെ കാണുകയും 2 മാസത്തിനുള്ളിൽ തന്നെ അദ്ദേഹം നിർദ്ദേശിച്ച മരുന്നുകൾ കൊണ്ട് തന്നെ എല്ലാം നോർമൽ ആവുകയും ചെയ്തു. നീണ്ട 10 വർഷത്തിന് ശേഷം അശ്വത് ഡോക്ടറിന്റെ ചികിത്സ വഴിയായി ഞങ്ങൾക്കു ഒരു കുഞ്ഞിനെ താലോലിക്കാൻ ഭാഗ്യം ലഭിച്ചു.

**നിർമല കെ.**, പേഷ്യന്റ്



*Congratulations &*
*Best Wishes*
*to the new Leader*

**Fr. Renny Mundenkurian**



*Farewell to a*
*true leader*
*with Gratitude*

**Fr. Francis Pallikunnath**

# Welcome



**Fr. Thomas Poopadi**
Management Team
Assistant Director



**Fr. Francis Thalakkottoor**
Management Team
Pastoral Care Team Member



**Fr. Paul Alapatt**
Management Team,
Pastoral Care Team Member



**Fr. Bastian Punnoliparambil**
Management Team
Pastoral Care Team Co-Ordinator



**Fr. Ditto Koola**
Jubilee Ayurveda
Pastoral Care In-Charge, Cheroor

# Thanks



**Fr. Paul Kallikkadan**
Management Team
Spritual Father



**Fr. Jibi Vazhappilly**
Management Team,
Spritual Father



**Fr. Ajith Thachoth**
Management Team,
Assistant Director

# JMMC Online Patient Portal

## ജൂബിലി മിഷൻ പേഷ്യന്റ് പോർട്ടൽ മൊബൈൽ ആപ്പ്

സാധാരണയായി, ഒരു രോഗി ആശുപത്രിയിൽ നിന്ന് പുറത്തുപോകുമ്പോൾ, അവരുടെ കൈയിൽ വൈദ്യചികിത്സയുമായി ബന്ധപ്പെട്ട ബില്ലുകൾ, ലാബ് റിപ്പോർട്ടുകൾ, റേഡിയോളജി റിപ്പോർട്ടുകൾ, ഭക്ഷണ ഉപദേശങ്ങൾ, പ്രതിരോധ കുത്തിവയ്പ്പുകൾ, കുറിപ്പടികൾ, ഡിസ്ചാർജ് സംഗ്രഹം തുടങ്ങി ഒരു കൂട്ടം പേപ്പറുകൾ ഉണ്ടാകാറുണ്ട്. സാധാരണയായി ഒരാൾ ഒന്നുകിൽ ഈ രേഖകൾ നഷ്ടപെടുത്തുകയോ, ഷെഡ്യൂൾ ചെയ്ത ഡോക്ടർമാരുടെ സന്ദർശനവും പതിവ് ലാബ് പരിശോധനകൾ നടത്തുവാൻ മറക്കുകയോ ചെയ്യുന്നു. ഇത് പരിഹരിക്കാൻ, രോഗിയുടെ സഹായത്തിനായി JMMC ബാക്ക്ബോൺ പേഷ്യന്റ് പോർട്ടൽ മൊബൈൽ ആപ്പ് വരുന്നു.

JMMC ബാക്ക്ബോൺ പേഷ്യന്റ് പോർട്ടൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാണ് .ഇത് രോഗിയുടെ ആരോഗ്യ രേഖകളിലേക്ക് ആധികാരികവും സുരക്ഷിതവുമായ ആക്സസ് നൽകുകയും, ചികിത്സിക്കുന്ന ആശുപത്രിയുമായും ഡോക്ടർമാരുമായും ആശയവിനിമയം മെച്ചപ്പെടുത്തുവാനും രോഗിക്ക് ഇന്റർനെറ്റ് ആക്സസ് ഉണ്ടെങ്കിൽ ലോകത്തെവിടെ നിന്നും എപ്പോൾ വേണമെങ്കിലും വിവരങ്ങൾ ആക്സസ് ചെയ്യുവാനും നിങ്ങളുടെ ഡോക്ടറെ ബുക്ക് ചെയ്യുവാനും കഴിയും.

മുഴുവൻ കുടുംബത്തിന്റെയും ആരോഗ്യ രേഖകൾ ഒരു ക്രെഡൻഷ്യലിന് കീഴിൽ സൂക്ഷിക്കാൻ തക്കവിധം ഇത് സജ്ജമാക്കിയിരിക്കുന്നു. ഒരാൾക്ക് അവരുടെ ക്രെഡൻഷ്യലുകൾ ഉപയോഗിച്ച് എപ്പോൾ വേണമെങ്കിലും അവരുടെ കുടുംബത്തിന്റെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ ഉപയോഗിക്കാൻ സാധിക്കും.തീയതിയും സമയവും ഉൾപ്പെടെ ഡോക്ടറുമായി നടത്തിയ കൂടിക്കാഴ്ചയുടെ വിശദാംശങ്ങളും ലാബ് റിപ്പോർട്ടുകളും ഇതിലൂടെ ലഭ്യമാകുന്നു. കൂടാതെ ഓൺലൈൻ ആയുള്ള നിരവധി സേവനങ്ങൾ ലഭ്യമാക്കാൻ രോഗികളെ ഇത് സഹായിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജൂബിലിയിലെ വിഭാഗത്തെ സമീപിക്കുക.

# അഭിനന്ദനങ്ങൾ



ദേശീയ ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾക്കനുസൃതമായി (NQAS) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും 2022 - 2025 കാലയളവിൽ എക്സ്റ്റേർണൽ അസസ്സർ ആയി പരിശോധന നടത്തുന്നതിനായുള്ള പട്ടികയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ക്വാളിറ്റി ലീഡ് ഡോ. നിമിഷ സോളമന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദങ്ങൾ. ●

# Welcome

## Welcome to Jubilee Family

| | |
|---|---|
| Dr. Anu Bharti | Pulmonology |
| Dr. Radhika Kannan | Community Medicine |
| Dr. Akhila K | Community Medicine |
| Dr. Soorya S | Community Medicine |
| Dr. Reshma Sebastian | Ophthalmology |
| Dr. Shruthi K P | Pathology |
| Dr. Shilpa K Narayanan | Pathology |
| Dr. Thahseena Abdulla | Pathology |
| Dr. Vishnupriya Padmakumar | ENT |
| Dr. Sheethal Marson | Anaesthesia |
| Dr. Vishnu Jayaprakash | General Surgery |
| Dr. Vismaya Jinachandran | Cardiology |
| Dr. Marin Paulson | Obstetrics & Gynaecology |
| Mrs. Anu Mol T J | Ayurveda |
| Mrs. Detty P D | JMCON |
| Sr. Seena Jose | JMCON |
| Ms. Christy Davis | Pharmacy |
| Ms. Susmi Jose | Pharmacy |
| Ms. Alby Shaju | Nursing |
| Mrs. Alphonsa Y | Nursing |
| Mrs. Neethu Varghese | Nursing |




# ഇന്റർവെൻഷനൽ പെയിൻ മെഡിസിൻ

എല്ലാ ഡോക്ടേഴ്സും ഓരോ രോഗിയുടെയും വേദനയെ ഒരു പരിധിവരെ ചികിത്സിക്കുന്നുണ്ടെങ്കിലും മിക്കരോഗിയും അവരുടെ ജീവിതത്തിൽ ഏതെങ്കിലും കാലഘട്ടത്തിൽ എപ്പോഴെങ്കിലും വേദന അനുഭവിച്ചിട്ടുണ്ടായിരിക്കം. പലപ്പോഴും വേദനയെ മരുന്നു കൊണ്ടും ശസ്ത്രക്രിയ മുഖാന്തിരവും പ്രതിരോധിക്കുന്നതിലും ചികിത്സിക്കുന്നതിലും വലിയൊരു വിടവ് പ്രത്യക്ഷമാണ്. പല ഘട്ടങ്ങളിലും ശസ്ത്രക്രിയ മുഖാന്തിരം വേദനയെ പ്രതിരോധി ക്കുന്നതിലും ചികിത്സിക്കുന്നതിലും, അതിന്റെ വിവിധ പാർശ്വ ഫലങ്ങളെക്കുറിച്ചും സങ്കീർണ്ണതകളെക്കുറിച്ചുമുള്ള ആശങ്കകൾ മൂലം വലിയൊരു വിഭാഗം രോഗികളും വൈമുഖ്യം കാണിക്കുന്നു.

ശസ്ത്രക്രിയ മുഖാന്തിരവും മരുന്ന് മുഖാന്തിരവും രോഗത്തെ വേരോടെ നിയന്ത്രിക്കുന്നതിലും ചികിത്സിക്കുന്നതിലുമുള്ള അന്തരം നികത്തുവാൻ ഉതകുന്നതാണ് പെയിൻ മെഡിസിൻ. ഒരു രോഗി യുടെ അസുഖം മൂലമുള്ള വേദനയെ സമർത്ഥമായി നിയന്ത്രി ക്കുക, കുറയ്ക്കുക, വേദനയിൽനിന്നും മോചനം നല്കുക എന്നിവ ആ വ്യക്തിയുടെ ജീവിതത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നതായിരിക്കും.



ഈ ലക്ഷ്യം സാധ്യമാകുന്നത് വിവിധ തലങ്ങളിലും രീതിയിലുമുള്ള മരുന്നുകളോടൊപ്പമുള്ള വ്യായാമമുറകൾ, ഏറ്റവും ചുരുങ്ങിയ രീതിയിലുള്ള ശസ്ത്രക്രിയാ മാർഗങ്ങൾ, എന്നിവയിലൂടെയുള്ള വ്യക്തമായ രോഗ, വേദന നിർണയത്തിലൂടെയും നിയന്ത്രണത്തിലൂടെയുമാണ്. രോഗികളെ അവരുടെ ദൈനംദിന ജീവിതത്തിലേക്ക് എത്രയും വേഗത്തിൽ, ഏറ്റവും ചുരുക്കം വേദന നിയന്ത്രണോപാധികളുടെ സഹായത്തിൽ തിരികെ എത്തിക്കുക എന്നുള്ളതാണ് ഇന്റർവെൻഷണൽ പെയിൻ മെഡിസിനിൽ ലക്ഷ്യം വയ്ക്കുന്നത്.

ട്രിഗോമിനൽ ന്യൂറാൾജിയ ഉൾപ്പെടെയുള്ള സ്പെസിഫിക്, നോൺ സ്പെസിഫിക് അവസ്ഥകൾ, കഴുത്തുവേദന, നടുവേദന എന്നിവ ഉൾപ്പെടെയുള്ള വേദനകളുടെ വിവിധ തലങ്ങളെ ജൂബിലിയിൽ പ്രവർത്തിക്കുന്ന പെയിൻ ക്ലിനിക്കിലൂടെ സമർത്ഥമായി കൈകാര്യം ചെയ്യുവാൻ സാധിക്കുന്നു.

പെയിൻ ക്ലിനിക്കിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുവാനും അർത്ഥം പൂർണ്ണമാക്കുവാനും ജൂബിലി കുടുംബത്തിന്റെ പരിപൂർണ്ണ പിന്തുണ ആവശ്യമാണെന്നും ഈ അവസരത്തിൽ ഓർമ്മിപ്പിക്കട്ടെ.

**ഡോ.ബിജോയ് ചിറയത്ത്**
അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യ



ലോക വിവാഹദിനം
ഫെബ്രുവരി 13

# വിവാഹദിനം പ്രകീർത്തിക്കുന്നതെന്ത്?

ഒരു സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. അതിന്റെ നാഥൻമാരായ ഭാര്യാഭർത്താക്കന്മാരെ ആദരിക്കുക എന്ന ഉദ്ദേശത്തോടെ 1983-ൽ അമേരിക്കയിലെ കത്തോലിക്കരാണ് വിവാഹാദിനത്തിന് തുടക്കമിട്ടത്. പിന്നീട് ലോകത്ത് പല രാജ്യങ്ങളും ആഘോഷിച്ചുതുടങ്ങി. വിവാഹജീവിതത്തിലെ ആനന്ദം, ദമ്പതിമാരുടെ പരസ്പരവിശ്വാസം, വിട്ടുവീഴ്ച എന്നിവയെ വിവാഹദിനം പ്രകീർത്തിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു. മനുഷ്യനെ കുടുംബവുമായി ബന്ധിപ്പിച്ച് പരിചയപ്പെടുത്തിയതും കുടുംബബന്ധങ്ങളെ അങ്ങേയറ്റം ആദരിക്കണമെന്ന് നിർദേശിച്ചതും പരമകാരുണികനായ സ്രഷ്ടാവ് തന്നെയാണ്.

വൈവാഹിക ബന്ധത്തിലൂടെ ഒരു കുടുംബം രൂപപ്പെടുന്നു. വിവാഹത്തിനും കുടുംബബന്ധങ്ങൾക്കും നമ്മുടെ നാട് കൊടുക്കുന്ന പ്രാധാന്യം ഏറെ ശ്ലാഘനീയമാണ്. പാശ്ചാത്യ സംസ്കാരങ്ങളുടെ സ്വാധീനം ചിലയിടങ്ങളിലെങ്കിലും ബാധിച്ചുകൊണ്ടിരിക്കുന്നു എന്നതും വസ്തുതയാണ്. ചിരിയും കളിയും ത്രസിക്കുന്ന സ്നേഹ വിശ്വാസങ്ങളുടെ ഈറ്റില്ലമായിരുന്ന വീട് (ഭവനം) ഇന്ന് നമുക്ക് അന്യമായി കൊണ്ടിരിക്കുന്നു. ഭാര്യാഭർത്താക്കന്മാരും അച്ഛനമ്മമാരും അവരവരുടെ സ്വകാര്യതകളിലേക്ക് ഒതുങ്ങുന്നു. പ്രാഥമിക ആവശ്യങ്ങൾക്കുള്ള ഒരിടമായി, സത്രങ്ങൾ ആയി മാറ്റപ്പെടുന്ന കുറെ കുടുംബങ്ങൾ! അവരവരുടെ വഴിത്താരയിൽ നിന്ന് അതിലേക്ക് എപ്പോഴൊക്കെയോ വന്നെത്തുന്ന യാത്രികരും!

എന്റെ ജീവിതം ആസ്വദിക്കാനുള്ളതാണെന്നുള്ള വ്യക്തിവത്ക്കരണവും (Epicurian സിദ്ധാന്തം) അണുകുടുംബം എന്ന സ്വപ്നസൗധവും എല്ലാം നമുക്കിടയിൽ പതുക്കെ പടി കയറിവന്നു. ഇവിടെയൊക്കെ തകർന്നത് സ്ത്രീ-പുരുഷ ബന്ധങ്ങളുടെ സുദൃഢമായ ആത്മാവിഷ്കാരങ്ങൾ ആയിരുന്നു. വൈവാഹിക ബന്ധത്തിലൂടെ ഉടലെടുക്കുന്ന കുടുംബത്തിൽ നിരവധി കർത്തവ്യങ്ങൾ നിക്ഷിപ്തമാണ് എന്ന് പ്രശസ്ത സാമൂഹ്യ ശാസ്ത്രജ്ഞൻമാരായ ഓഗ്ബൺ, നിംകോഫ് എന്നിവർ അഭിപ്രായപ്പെടുന്നു. 1. സ്നേഹത്തിൽ അധിഷ്ഠിതം, 2. സാമ്പത്തികം, 3. ഉല്ലാസപ്രദം, 4. സംരക്ഷണം, 5. മതപരം, 6. വിദ്യാഭ്യാസം എന്നിവയാണ് ആ കർത്തവ്യങ്ങൾ.




ഇന്ത്യൻ പ്രസിഡണ്ട് ആയിരുന്ന എ. പി. ജെ. അബ്ദുൾ കലാം യൂറോപ്പ്യൻ യൂണിയന്റെ സുവർണജൂബിലി വേളയിൽ യൂറോപ്യൻ പാർലമെന്റ് അഭിമുഖീകരിച്ച് പറഞ്ഞ വാക്കുകൾ ഏറെ പ്രസക്തമാണ്: ''വീട്ടിൽ സ്വരച്ചേർച്ച ഉണ്ടാകുമ്പോൾ രാജ്യത്ത് ക്രമസമാധാനം ഉണ്ടാകുന്നു. രാജ്യത്ത് ക്രമസമാധാനം ഉണ്ടാകുമ്പോൾ ലോകത്ത് ക്രമസമാധാനം ഉണ്ടാകുന്നു''. ഭൂമിയിലെ ഏറ്റവും മനോഹരമായ പകരം ഇല്ലാത്ത ചിരപുരാതന സംവിധാനമാണ് കുടുംബം. മാനവരാശിയുടെതന്നെ മൂലശില. ഈ ശിലയ്ക്കു സംഭവിക്കുന്ന ഏത് മാറ്റവും സമൂഹത്തിന്റെ മുഴുവൻ സാമൂഹിക സാംസ്കാരിക മേഖലകളെ ബാധിക്കുന്നവയാണ്. സംസാരം, ആശയവിനിമയം, ഗാഢസ്നേഹബന്ധം, ടൈം മേനേജ്മെന്റ് വീഴ്ചകളെ അംഗീകരിക്കുക, ക്ഷമിക്കുക, പരസ്പരം അഭിനന്ദിക്കുക തുടങ്ങിയവ വൈവാഹിക ബന്ധത്തെ കൂടുതൽ ഊട്ടിയുറപ്പിക്കാൻ സഹായകമാകും.

**സി. ടിന എസ്. കെ. ഡി.**
അസിസ്റ്റന്റ് പ്രഫസർ, ക്ലിനിക്കൽ സൈക്കോളജി



## താങ്ങായ്... താരാട്ടായ്... തണലായ്...

# അമ്മത്തൊട്ടിൽ

കേരള സംസ്ഥാന ശിശുക്ഷേമസമിതിയുടെ നേതൃത്വത്തിലുള്ള ഒരു സംരംഭമാണ് അമ്മത്തൊട്ടിൽ. 2002ൽ ശിശുദിനത്തിൽ 2002ൽ കേരള സംസ്ഥാന ശിശുക്ഷേമസമിതി ക്യാമ്പസിലാണ് ആദ്യത്തെ 'അമ്മത്തൊട്ടിൽ' നിലവിൽ വന്നത്. ഉപേക്ഷിക്കപ്പെടുന്ന നവജാതശിശുക്കൾക്ക് സുരക്ഷിതത്വവും അഭയവും നല്കുന്നതിനായി ആരംഭിച്ച പദ്ധതിയാണിത്. കേരളത്തിൽ കോഴിക്കോട് ഒഴികെ മറ്റെല്ലാ ജില്ലകളിലും അമ്മത്തൊട്ടിൽ സജീവമാണ്.

കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള ഏക 'അമ്മത്തൊട്ടിൽ' നമ്മുടെ ജൂബിലി കുടുംബത്തിലാണ് എന്നത് നമുക്ക് ഏറെ അഭിമാനം നല്കുന്നതാണ്.നിരാലംബരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യം പ്രദാനം ചെയ്യുന്നതിനൊപ്പം ദത്തെടുക്കൽ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

2010 ഡിസംബർ 8ന് പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുന്നാൾ ദിനത്തിലാണ് ജേക്കബ് തൂങ്കുഴി പിതാവിന്റേയും ആൻഡ്രൂസ് താഴത്ത് പിതാവിന്റേയും ജന്മദിന സമ്മാനമായി ജൂബിലി




*ഒരു കുഞ്ഞുപോലും അനാഥരാകാതിരിക്കാൻ നമ്മൾക്ക് പ്രാർത്ഥിക്കാം.....*

മിഷൻ ആശുപത്രിയിലെ ചാപ്പലിനോട് ചേർന്ന് സ്വകാര്യമേഖലയിൽ ആദ്യമായി അമ്മത്തൊട്ടിൽ പ്രവർത്തന സജ്ജമാവുകയും സാഹിത്യകാരിയും പൊതുപ്രവർത്തകയുമായ ബഹു. സാറാ ജോസഫ് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഇതുവരേയും 10ഓളം നവജാത ശിശുക്കളെ അമ്മത്തൊട്ടിലിൽനിന്നും ലഭിക്കുകയും ആവശ്യമായ ചികിത്സകൾക്കുശേഷം ജില്ല ശിശുക്ഷേമസമിതിയുടെ നിർദ്ദേശാനുസരണം ജില്ലയിലെ വിവിധ ഫോണ്ടലിങ്ങ് ഹോമുകളിലേക്ക് (ശിശു സംരക്ഷണാലയങ്ങൾ) കൈമാറുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ ലഭിക്കുന്ന കുഞ്ഞുങ്ങളെ ഏറെ വാത്സല്യത്തോടെ, നിസ്വാർത്ഥതയോടെ ശുശ്രൂഷിക്കുന്ന നവജാത ശിശു രോഗ വിഭാഗത്തിലെ ഡോക്ടർമാരുടെയും സിസ്റ്റേഴ്സിന്റേയും നേഴ്സുമാരുടേയും സേവനങ്ങളെ സ്നേഹത്തോടെ ഓർക്കുന്നു.

**അഡ്വ. ജസ്റ്റിൻ സി. ജെ.**
സീനിയർ ലീഗൽ സ്പെഷ്യലിസ്റ്റ്, എച്ച്. ആർ. ഡി.



# കഴുത്തുവേദന
## കാരണവും പരിഹാരവും

കുട്ടികൾ മുതൽ മുതിർന്നവർ വരെ കഴുത്തുവേദന പറയാറുണ്ട്. കമ്പ്യൂട്ടർ സ്ക്രീനുകളിലും മൊബൈൽ ഫോണുകളിലും കൂടുതൽ നേരം നോക്കിക്കൊണ്ടിരിക്കുന്നവരാണ് നമ്മളിൽ കൂടുതൽ ആളുകളും. വളർച്ചയുടെ ഘട്ടത്തിൽ ലഭിക്കേണ്ട പോഷണങ്ങളും വൈറ്റമിനുകളും ആവശ്യത്തിനു ലഭിക്കാത്തതുകൊണ്ടും കുട്ടികളിൽപോലും കഴുത്തുവേദന കണ്ടുവരുന്നു. ഇരിക്കുമ്പോഴും കിടക്കുമ്പോഴും ഉള്ള ശരീരത്തിന്റെ തെറ്റായ പോസ്റ്ററുകൾ പേശികളിൽ ബലഹീനത ഉണ്ടാക്കുകയും നട്ടെല്ലിന്റെ ഘടനയിൽ വ്യത്യാസം ഉണ്ടാക്കുകയും ചെയ്യുന്നു. ഓസ്റ്റിയോ ആർത്തറൈറ്റിസ്, സെർവ്വിക്കൽ ഡിസ്ക്കിനു വരുന്ന നീർക്കെട്ട്, നട്ടെല്ലിന് ഏറ്റ പരിക്ക് എന്നിവ കഴുത്തിനു പിന്നിൽ വേദന ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നമ്മുടെ ദൈനംദിന ജോലികളെ സാരമായി ബാധിച്ചേക്കാം.

വേദനകളുടെ കാഠിന്യവും, കഴുത്തിലുണ്ടാകുന്ന സ്റ്റിഫ്നെസ്സ് കുറയ്ക്കാൻ ചൂട് അല്ലെങ്കിൽ ഐസ് തെറാപ്പി ചെയ്യാം. ദിവസത്തിൽ അല്പനേരം ലഘുവായുള്ള വ്യായാമം ചെയ്യാൻ സമയം കണ്ടെത്തുക. യോഗ പോലുള്ള വ്യായാമ രീതികൾ മാനസിക സമ്മർദ്ദം കുറയ്ക്കാൻ സഹായിക്കും. ഇരിക്കുമ്പോഴും ഉറങ്ങു



മ്പോഴുമുള്ള പോസ്റ്റർ ശരിയായ രീതിയിലാണോ എന്ന് തിരിച്ചറിയുക. ഈ മുൻകരുതലുകളും വീട്ടുവൈദ്യങ്ങളും ചെയ്തുകൊണ്ട് നിങ്ങൾക്ക് കഴുത്തിന്റെ വേദനയും ഒരു പരിധിവരെ കുറയ്ക്കാം.

കാരണം അറിഞ്ഞ് ദോഷനിവാരണത്തിനുള്ള ചികിത്സയാണ് ആയുർവേദത്തിൽ പരാമർശിക്കുന്നത്. നീർകെട്ട് അകറ്റി അസ്ഥിക്ക് പോഷണമായിട്ടുള്ള ചികിത്സയാണ് ചെയ്യേണ്ടത്. നവ്യം, ധാന്യാമ്ലധാര, രൂക്ഷമായിട്ടുള്ള കിഴി പ്രയോഗം എന്നിവ ചെയ്ത് വിവിധ പ്രയോഗങ്ങളിലൂടെ ചൂടാക്കിയ തൈലം ചേർത്ത് അസ്ഥികൾക്ക് പോഷണം നൽകി പുനർജീവിപ്പിക്കുകയും അവയുടെ ശരിയായ ഘടനയിൽ എത്തിക്കുകയുമാണ് വേണ്ടത്.

**ഡോ. ജോൺ ജോസ്**
ആയുർവേദ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Mr. Joshi Paul


ഓരോ മുൾകിരീടവും കുരിശുകളും,
നമ്മുക്ക് വിജയത്തിന്റെ
കിരീടവും ഉയർപ്പും
സമ്മാനിക്കുന്നു.
JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE
Service with Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Bishop Alapatt Road, Jubilee Mission P.O., Thrissur, Kerala - 680 005
Ph: +91487 2432200 | jm@jmmc.ac.in | www.jmmcri.org